## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 382 — 10.03.2015-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാന മായി പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) ഇല്ല. അതിനു വേണ്ടിയുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) ഇല്ലെങ്കിൽ വൈദ്യുതീകരണം സമ്പൂർണ്ണമാക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങ ളാണ് ഇനി ശേഷിക്കുന്നത് ; | (ബി) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരം കേരളത്തിലെ 1.5 ലക്ഷത്തോളം ഗ്രാമീണഭവനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകി കഴിഞ്ഞു. മിഷൻ 676 ന്റെ ഭാഗമായി 8.7 ലക്ഷം വീടുകൾ വൈദ്യുതീകരിക്കുന്നതിന് ലക്ഷ്യമിട്ടി ട്ടുള്ളതിൽ 3.41. ലക്ഷം വീടുകൾ ഇതിനകം വൈദ്യുതീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ വൈദ്യുതീക രിക്കുന്നതിനുള്ള തുടർ നടപടികൾ കൈക്കൊ ണ്ടിട്ടുണ്ട്. |
| (സി) സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കി മാറ്റുന്നതിന് എന്തൊക്കെ തുടർ നടപടിക ളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ ഉപാധ്യായ ഗ്രാമീണ ജ്യോതി യോജന പ്രകാരം കേരളത്തിലെ 14 ജില്ലകളിലെ ഏകദേശം ഒരു ലക്ഷത്തോളം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനു ലക്ഷ്യമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.